**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1284** **10-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് മാന്വൽ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിർമ്മാണ മേഖലയിൽ നിലവിൽ ഡിജിറ്റലൈസേഷൻ വരുകയും നിയമങ്ങൾ മാറുകയും ചെയ്ത സാഹചര്യത്തിൽ, കോൺട്രാക്റ്റ് മാനേജ്മെന്റ്, വർക്ക് മെത്തഡോളജി എന്നിവയിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി മാന്വൽ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കാതലായ എന്തെല്ലാം മാറ്റങ്ങളാണ് പുതുതായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വർക്ക് മെത്തഡോളജി, കോൺട്രാക്റ്റ് മാനേജ്മെന്റ് എന്നിവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പൊതുമരാമത്ത് മാന്വൽ പരിഷ്കരണത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ കരട് രൂപീകരണ വേളയിൽ ഏതെല്ലാം സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | കരട് മാന്വൽ വകുപ്പ് തലത്തിൽ അവലോകനം ചെയ്ത് വരികയാണ്. പ്രധാന stake holders എന്ന നിലയിൽ പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ, പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ സംഘടനകൾ എന്നിവരിൽ നിന്ന് അഭിപ്രായങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഇതിന്റെ ഭാഗമായി കർണാടകം, തമിഴ്നാട് PWD, CPWD എന്നിവിടങ്ങളിൽ നിന്നുള്ള എഞ്ചിനീയർമാരെയും വിവിധ എഞ്ചിനീയറിംഗ് വകുപ്പുകളുടെ എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി നാഷണൽ സെമിനാറും 08.07.2024 ന് നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ